പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*221

10.12.2014 ലെ മറുപടിയ്ക്ക്

## വിസ-ഓൺ-അറൈവൽ സംവിധാനം

| ചോദ്യം<br>ശ്രീ.സി.പി.മുഹമ്മദ്<br>ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി<br>ശ്രീ.ആർ . സെൽവരാജ്<br>ശ്രീ.വി.റ്റി.ബൽറാം | | ഉത്തരം<br>ശ്രീ. എ.പി.അനിൽ കുമാർ<br>പട്ടികജാതി പിന്നോക്കസമുദായക്ഷേമവും<br>വിനോദസഞ്ചാരവും വകുപ്പ് മന്ത്രി | |
|---|---|---|---|
| എ) | വിസ-ഓൺ-അറൈവൽ സംവിധാനം നിലവിൽ വന്നിട്ടുണ്ടോ; | എ) | ഉണ്ട് |
| ബി) | പ്രസ്തുത സംവിധാനത്തിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിശദമാക്കാമോ; | ബി) | കേരളത്തിനു വിപണി സാധ്യതയുണ്ടെന്നു വ്യക്തമായിട്ടുള്ള ജപ്പാൻ, സിംഗപ്പൂർ, ഫിൻലൻഡ്, ലക്സംബർഗ്, ന്യൂസിലാന്റ്, ഫിലിപ്പീൻസ്, കംബോഡിയ, ലാവോസ്, വിയറ്റ്നാം, മ്യാൻമാർ, ഇൻഡോനേഷ്യ, സൌത്ത് കൊറിയ എന്നീ രാജ്യങ്ങളിൽനിന്ന് കേരളത്തിലെത്തുന്ന സഞ്ചാരികൾക്ക് തിരുവനന്തപുരം, കൊച്ചി വിമാനത്താവളങ്ങളിൽ നിന്നു തന്നെ ടൂറിസ്റ്റ് വിസ ലഭ്യമാക്കുക എന്നതാണ് 'വിസ ഓൺ അറൈവൽ' സംവിധാനം. കുറഞ്ഞത് 6 മാസത്തെ പാസ്പോർട്ടുള്ള, മേൽ രാജ്യങ്ങളിൽ നിന്നുള്ള സഞ്ചാരികൾക്ക് 60 യു.എസ്. ഡോളർ ചിലവിൽ 30 ദിവസത്തേയ്ക്ക് അംഗീകാരമുള്ള വിസയാണ് നൽകുക. ഇത് വിനോദ സഞ്ചാര സംബന്ധമായ കാര്യങ്ങൾക്കു മാത്രമേ ഉപയോഗിക്കാൻ സാധിക്കുകയുള്ളൂ. വിനോദ സഞ്ചാരത്തിനായി കേരളത്തിലെത്തുന്ന വിദേശികൾക്ക് പരമാവധി ബുദ്ധിമുട്ടുകൾ കുറച്ച് വിസ ലഭ്യമാക്കുകയും ഇതു വഴി 2021 ഓടെ 30 ലക്ഷം വിദേശ വിനോദസഞ്ചാരികൾ കേരളം സന്ദർശിക്കുക എന്ന ലക്ഷ്യമിട്ട് നടത്തുന്ന പ്രചാരണ പരിപാടികൾക്ക് പിന്തുണ നൽകുകയുമാണ് ഉദ്ദേശിക്കുന്നത്. ഇതുവരെയും അധികം കടന്നു ചെല്ലാത്ത ഏഷ്യയിലെയും യൂറോപ്പിലെയും വിവിധ വിപണികൾ ഉപയോഗപ്പെടുത്തുക, ഇതോടൊപ്പം ഭാവിയിൽ ഈ വിപണികളിൽ നിന്നുള്ള കൂടുതൽ സഞ്ചാരികളെ വിവിധ പ്രചരണ തന്ത്രങ്ങൾ വഴി കേരളത്തിലേക്കാകർഷിക്കുക എന്നിവ ഇതിന്റെ ലക്ഷ്യങ്ങളാണ്. ഇപ്പോൾ തന്നെ മേൽ രാജ്യങ്ങളിൽ നിന്നുള്ള സഞ്ചാരികളുടെ എണ്ണത്തിൽ ഗണ്യമായ വർദ്ധന ഉണ്ടായിട്ടുണ്ട്. |

| | | | |
|---|---|---|---|
| സി) | ടൂറിസം പ്രചാരണത്തിന് പ്രസ്തുത സംവിധാനം എത്രമാത്രം പ്രയോജനകരമാകുമെന്നാണ് കരുതുന്നത്; വിശദമാക്കുമോ; | സി) | ഇതുവഴി ടൂറിസം വ്യവസായത്തിലെ സമഗ്ര മേഖലകളിലും പുതിയൊരു ചലനം ഉണ്ടാക്കുവാൻ കഴിയും. വിനോദസഞ്ചാരം, സുഹൃത്തുക്കളേയും ബന്ധുക്കളേയും സന്ദർശിക്കൽ തുടങ്ങിയ ആവശ്യങ്ങൾക്കായി എത്തുന്നവർക്ക് 30 ദിവസത്തെ കാലാവധിയിലാണ് ടി വിസ നൽകുന്നത്. ഇതു വഴി വിനോദസഞ്ചാര മേഖല ഉൾപ്പെടെ എല്ലാ മേഖലകളിലും അതിന്റെ ഗുണം ലഭ്യമാകുന്നതാണ്. |
| ഡി) | പ്രസ്തുത സംവിധാനത്തിന് എന്തെല്ലാം പ്രചാരണ പരിപാടികളാണ് സംഘടിപ്പിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ? | ഡി) | 2013 ലും 2014 ലും ജപ്പാനിലെ 'ജപ്പാൻ അസോസിയേഷൻ ഓഫ് ട്രാവൽ ഏജന്റ്സ് (JATA) ഫെയറിലും 2014 ജനുവരിയിൽ ഫിൻലാൻഡിലെ MATKA ട്രാവൽ ഫെയറിലും കേരള ടൂറിസം പങ്കെടുക്കുകയും 2014 ൽ ഫിൻലാൻഡിലെ ഹെൽസിങ്കിയിലും ന്യൂസിലാൻഡിലെ ഓക്ക്‌ലാൻഡിലും റോഡ് ഷോകൾ സംഘടിപ്പിക്കുകയും ചെയ്തു. പ്രസ്തുത സംവിധാനത്തിന്റെ പ്രചാരണത്തിനായി മേഖലയിലെ അനന്ത സാധ്യതകളെ പ്രയോജനപ്പെടുത്തുന്നതിനു വേണ്ടി വിനോദസഞ്ചാര വകുപ്പ് 'കം-ടു-കേരള' എന്ന പേരിൽ ഒരു ഓൺലൈൻ മത്സര പദ്ധതി നടപ്പിലാക്കി വരുന്നു. പ്രസ്തുത രാജ്യങ്ങളിൽ നിന്നും വരുന്ന സഞ്ചാരികൾക്ക് കേരളത്തിന്റെ വൈവിധ്യമാർന്ന കാഴ്ചകളും സംസ്കാരങ്ങളും രുചികളും പരിചയപ്പെടുത്തുക എന്ന കാഴ്ചപ്പാടോടു കൂടിയാണ് ഇത് വിഭാവനം ചെയ്തിട്ടുള്ളത്. ഫെയ്സ്ബുക്ക്, ടിറ്റർ, ഗൂഗിൾപ്ലസ്, ഇൻസ്റ്റാഗ്രാം, പിന്റ്‌റസ്റ്റ് തുടങ്ങി സോഷ്യൽ മീഡിയ സൈറ്റുകളിലൂടെയുള്ള പ്രചാരണമാണ് ഇതു വഴി ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ